# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3750 — 26.06.2012-ൽ മറുപടിയ്ക്ക്

<u>പുനർവനവൽക്കരണം</u>

| ചോദ്യം<br>ശ്രീ.എം.ഹംസ | ഉത്തരം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| എ) നശീകരിക്കപ്പെട്ടിട്ടുള്ള വന പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പുനർവന വൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; അതിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് പരിഗണനയിലുള്ളത്; | എ) നശീകരിക്കപ്പെട്ടിട്ടുള്ള വന പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പുനർവനവൽക്കരണം വനം വകുപ്പ് നടത്തി വരുന്നുണ്ട്. ഇവ Regeneration of Denued Forest, Non Wood Forest Produce, National Medicinal Plantation Board, National Afforstation Programme ബാംബൂ മിഷൻ എന്നീ സ്കീമുകളിലെ ഫണ്ട് ഉപയോഗിച്ചാണ് പുനർവനവൽക്കരണം നടത്തി വരുന്നത്. |
| ബി) ഇതിനായി സർക്കാർ എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത്; പ്രസ്തുത തുക പര്യാപ്തമാണോ; അല്ലെങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) ഇതിനായി സർക്കാർ നടപ്പു സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിലായി 347.32 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. ഈ തുക പര്യാപ്തമല്ല. തുക വർദ്ധിപ്പിക്കു ന്നകാര്യം പരിഗണിക്കാവുന്നതാണ്. |
| പാലക്കാട് ജില്ലയിൽ എത്ര ഏക്കർ വനമാണ് പുനർവനവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; അതിന് എന്തു തുകയാണ് ചെലവു പ്രതീക്ഷിക്കുന്നത്? | പാലക്കാട് ജില്ലയിൽ 375.51 ഏക്കർ സ്ഥലത്ത് പുനർവനവൽക്കരണം നടത്തുന്നതിനായി 37.14 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ